# സുധാ മൂർത്തി

# കല്പവൃക്ഷം നൽകിയ പുത്രി



## പുരാണങ്ങളിലെ സ്ത്രീകളെക്കുറിച്ചുള്ള അസാധാരണ കഥകൾ

അസുരന്മാരെ പരാജയപ്പെടുത്താൻ ത്രിമൂർത്തികൾ പലപ്പോഴും ദേവിമാരുടെ സഹായം തേടിയിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ലോകത്തിലെ ആദ്യത്തെ ക്ലോൺ നിർമ്മിച്ചത് ഒരു സ്ത്രീയായിരുന്നു എന്ന കാര്യം അറിയാമോ? ഭാരത പുരാണഗ്രന്ഥങ്ങളിലെ സ്ത്രീസാന്നിധ്യം എണ്ണത്തിൽ കുറവായിരിയ്ക്കാം. പക്ഷേ, അവരുടെ ശക്തിയും വൈചിത്ര്യവും വിളിച്ചറിയിയ്ക്കുന്ന കഥകൾ നിരവധിയാണ്. രാക്ഷസന്മാരെ കൊന്നും, എത്രയും ഘോരമായ യുദ്ധങ്ങൾ നടത്തി ഭക്തരെ സംരക്ഷിച്ചും അവർ ലോകത്തെ തുണച്ചു. പാർവ്വതി മുതൽ അശോകസുന്ദരിവരെ, ഭാമതി മുതൽ മണ്ഡോദരി വരെ, ഇത്തരത്തിൽ ഭയരഹിതരും ആകർഷണീയരുമായ, യുദ്ധപ്രഗൽഭകളായ സ്ത്രീകളുടെ ചിത്രം വരച്ചുകാട്ടുന്നു ഈ പുസ്തകം. ദേവന്മാർക്കുവേണ്ടി യുദ്ധം നയിച്ച ഈ സ്ത്രീരത്നങ്ങൾ കുടുംബത്തിന്റെ നട്ടെല്ലും സ്വന്തം വിധിയുടെ രചയിതാക്കളുമായിരുന്നു. ഇന്ത്യയിലെ ജനപ്രിയ എഴുത്തുകാരിയായ സുധാമൂർത്തി നിങ്ങളെ നയിയ്ക്കുന്നത് മറവിയുടെ ആവരണത്തിൽ മറഞ്ഞു നില്ക്കുന്ന, ശക്തരായ ഇത്തരം സ്ത്രീകഥാപാത്രങ്ങളിലേയ്ക്കാണ്. ജീവിതത്തിൽ സ്ത്രീശക്തിയുടെ സ്വാധീനത്തെ ഓർമ്മപ്പെടുത്തുന്നതാണ് അത്.

CURRENT BOOKS THRISSUR
ESTD:1952
ISBN 978-93-95338-42-4
₹250.00
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in
Children's Literature

കല്പവൃക്ഷം നൽകിയ പുത്രി

സുധാമൂർത്തി

34

LIBRARY
2534

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2534 Call No.

This book should be returned on or before the date last given below.

Original English Title
**The Daughter From A Wishing Tree**
Malayalam
**Kalpavruksham Nalkiya Puthri**
Children's Literature by
**Sudha Murty**
Translated by
**M.K. Gouri**
First Impression: July 2023
Cover Illustration: Priyankar Gupta
Cover Design: Neelima P. Aryan
Typeset: Current Books Thrissur
© Reserved
Printed at
Don Bosco IGACT, Kochi
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
**www.currentbooksonline.in**
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-93-95338-42-4**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2724-CBT-2023-40-1000

# കല്പവൃക്ഷം നൽകിയ പുത്രി

**സുധാമൂർത്തി**

വിവ: എം. കെ. ഗൗരി

കറന്റ് ബുക്സ് തൃശൂർ

## സുധാമൂർത്തി

വടക്കൻ കർണാടകത്തിലെ ഷിഗോണിൽ 1950-ലാണ് സുധാമൂർത്തി ജനിച്ചത്. കംപ്യൂട്ടർ സയൻസ് എം.ടെക് നേടിയ അവരിന്ന് ഇൻഫോസിസ് ഫൗണ്ടേഷന്റെ അദ്ധ്യക്ഷയാണ്. ഇംഗ്ലീഷിലും കന്നഡയിലും വളരെ പ്രശസ്തയായ എഴുത്തുകാരിയാണ്. നോവലുകൾ സാങ്കേതികവിജ്ഞാന പുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ചെറുകഥകൾ, ലേഖനങ്ങൾ എന്നീ മേഖലകളിലും ബാലസാഹിത്യത്തിലും നിരവധി ഗ്രന്ഥങ്ങൾ അവരുടേതായുണ്ട്. മിക്കവാറും എല്ലാ ഭാരതീയ ഭാഷകളിലും ഈ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 2006-ൽ പത്മശ്രീ അവാർഡും സാഹിത്യത്തിനുള്ള ആർ.കെ. നാരായൺ അവാർഡും അവരെ തേടിയെത്തി. 2011-ൽ കന്നഡ ഭാഷയിലെ മികവിനുള്ള അത്തിമബ്ബെ അവാർഡിനും അർഹയായി.

## എം.കെ. ഗൗരി

1962-ൽ കോഴിക്കോട്ട് ജനിച്ചു. മലബാർ കൃസ്ത്യൻ കോളേജിൽനിന്നും രസതന്ത്രത്തിൽ ബിരുദം. ഇരുപത്തൊമ്പതുകൊല്ലത്തെ സേവനത്തിനുശേഷം ബി.എസ്.എൻ.എല്ലിൽനിന്നും സ്വമേധയാ പിരിഞ്ഞു. അസ്നെ സിയർസ്റ്റഡ്, മാഡം യൂജിനി ഫോ, ആന്ദ്രേ മൽറോ, അബ്ദുൾ കലാം, ജൂൾസ് വേൺ, ഡെയ്ൽ കാർനേഗി തുടങ്ങിയവരുടെ പതിനഞ്ചിലേറെ കൃതികൾ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്കും രണ്ട് മലയാള പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

e-mail: greeshmam62@gmail.com

സ്ത്രീശക്തിയിൽ സമർപ്പിച്ച വിശ്വാസത്തിന്

ജോൺ ഷായ്ക്ക്.

## ഉള്ളടക്കം


ആമുഖം .....9

അവതാരിക .....11

**സരസ്വതി ദേവി .....13**

അറിവിന്റെ ഉറവിടം .....15

**നാരായണി നമോസ്തുതേ .....20**

എട്ടു രൂപങ്ങൾ .....21

കുതിരത്തലയുള്ള ദൈവരൂപം 25

**ശിവേ സർവ്വാർത്ഥ സാധികേ .....30**

വിശ്വാസത്തിന്റെ കരുത്ത് .....31

പഴങ്ങളുടെയും പച്ചക്കറികളുടെയും ദേവത .....38

സ്വർഗ്ഗത്തിലേക്കുള്ള പടവുകൾ .....44

ഒരു സ്ത്രീയുമായി യുദ്ധം ചെയ്യാൻ .....50

യുദ്ധക്കളത്തിലെ സ്ത്രീ .....54

കല്പവൃക്ഷം നൽകിയ പുത്രി .....58

**യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവത .....63**

നദിയുടെ ബാലിക .....64

യഥാർത്ഥ പ്രതികാരം .....71

സന്തോഷം മറന്നുപോയ തവള .....74

വെളുത്ത തടാകത്തിലെ ദേവത .....77
യൗവ്വനത്തിന്റെ രഹസ്യം .....82
രാജകുമാരിയും വൃത്തികെട്ട കുള്ളനും .....86
വിവാഹസമ്മാനമായി മാറിയ രാജകുമാരി .....105
യഥാർത്ഥ സ്നേഹത്തിന്റെ രണ്ടു താരകങ്ങൾ .....124
അമരത്വം എന്ന ശാപം .....134
ലോകത്തെ ആദ്യത്തെ ക്ലോൺ! .....152
ഏഴു പ്രചണ്ഡമാതാക്കൾ .....162
ഒരു ഇലയുടെ ഭാരം .....165
ദേവതയില്ലാത്ത അമ്പലം .....175
ആനവയറ്റിലെ ഭടന്മാർ .....183
മറക്കപ്പെട്ട ഭാര്യ .....195

## ആമുഖം

പുരാണങ്ങളിലെ സ്ത്രീകളെക്കുറിച്ച് ഒരു പുസ്തകമെഴുതാൻ തീരുമാനമെടുത്തപ്പോൾത്തന്നെ ആ വിഷയത്തിൽ ഗവേഷണമാരംഭിച്ച എനിക്ക് വൈകാതെ നേരിടേണ്ടിവന്നത് കടുത്ത നിരാശയും മോഹഭംഗവുമാണ്. സ്ത്രീകൾ വഹിച്ച പ്രധാനപ്പെട്ട പങ്കിനെ പ്രതിപാദിക്കുന്ന വളരെ ചുരുങ്ങിയ രേഖകളെ ലഭ്യമായുള്ളു. ഈ സ്ത്രീകഥാപാത്രങ്ങളിൽ ഏറ്റവും പ്രചാരമുണ്ടായിരുന്നവർ, സംശയമില്ലാതെ പറയാം മഹാഭാരതത്തിലെ ദ്രൗപദിയും രാമായണത്തിലെ സീതയും അസുരന്മാരെ വധിച്ച് ഭക്തരെ സംരക്ഷിക്കുന്ന ശക്തിസ്വരൂപിണിയായ പാർവ്വതിയുമാണ്. എന്തൊക്കെയായാലും ഈ സ്ത്രീകഥാപാത്രങ്ങളെ ചുറ്റിപ്പറ്റിയുള്ള കഥകളും പുരുഷകഥാപാത്രകഥകളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ് എണ്ണത്തിൽ. നിലനിൽക്കുന്നവയിൽത്തന്നെ പലപ്പോഴും ആവർത്തനങ്ങളും പ്രാമുഖ്യമില്ലാത്ത സഹകഥാപാത്രങ്ങളും മാത്രമാണ് സ്ത്രീകൾ.

പരമ്പരാഗതമായിത്തന്നെ പുരുഷമേൽക്കോയ്മ നിലനിൽക്കുന്ന ഒരു സമൂഹമാണ് നമ്മുടേത് എന്നതാവാം ഇതിനൊരു കാരണം. പുരാണേതിഹാസ രചയിതാക്കൾ മിക്കവാറും പുരുഷന്മാരായിരുന്നു എന്നതും കാരണമായിട്ടുണ്ടാകാം. ഇതു രണ്ടുംകൂടിച്ചേർന്നിട്ടുമുണ്ടാകാം.

യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാ

എന്ന പ്രചാരമേറിയ ഒരു ശ്ലോകമുണ്ട്. സ്ത്രീകൾ ആദരിക്കപ്പെടുന്നിടത്ത് ദൈവം കുടികൊള്ളുന്നു എന്നാണ് ഇതിനർത്ഥം.